AYUSHMAN BHARATH DIGITAL MISSION [ABDM]

HPR & HFR REGISTRATION

ഭാരതീയ ചികിത്സാവകുപ്പ്
Indian Systems of Medicine
Govt. of Kerala

INDEX

Sl No	Subject	Page No
1	Healthcare Professional Registry [HPR]	1
2	Health Facility Registry [HFR]	20
3	Transfer of Facility in HFR	31

Prepared by:
DR MANESH KUMAR E
State Nodal Officer [ABDM]
Indian Systems of Medicine



AYUSHMAN BHARATH DIGITAL MISSION [ABDM]
HPR & HFR REGISTRATION

ഭാരതത്തിലെ ആരോഗ്യരംഗത്തെ ആധുനികവൽക്കരണത്തിന്റേയും ഡിജിറ്റലൈസേഷന്റേയും ഭാഗമായി, രാജ്യത്തെ മുഴുവൻ അംഗീകൃത ആരോഗ്യപ്രവർത്തകരേയും ആരോഗ്യകേന്ദ്രങ്ങളേയും ഓൺലൈനായി പരസ്പരം ബന്ധിച്ചുകൊണ്ടും, രോഗികൾക്കും ചികിത്സകന്മാരിടയിലുള്ള ചികിത്സാസംബന്ധമായ ഡേറ്റാ ട്രാൻസ്ഫർ സുഗമമാക്കിക്കൊണ്ടും സർക്കാർ നടപ്പിലാക്കുന്ന നൂതനപദ്ധതിയാണ് ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ [ABDM]. ഈ പദ്ധതിയുടെ ഭാഗമായി ഇന്ത്യയിലുടനീളമുള്ള എല്ലാ സിസ്റ്റങ്ങളിലുമുള്ള ആരോഗ്യപ്രവർത്തകരെ **Healthcare Professional Registry [HPR]** യിലും, ചികിത്സാകേന്ദ്രങ്ങളെ **Health Facility Registry [HFR]** യിലും രജിസ്റ്റർ ചെയ്യിക്കേണ്ടതായുണ്ട്. 2022 നവംബർ 15 നകം കേരളത്തിലെ സർക്കാർ മേഖലയിലെ മുഴുവൻ ആരോഗ്യസ്ഥാപനങ്ങളും ആരോഗ്യപ്രവർത്തകരും ABDM ൽ രജിസ്റ്റർ ചെയ്യുകയെന്നതാണ് സർക്കാർ ഇപ്പോൾ ലക്ഷ്യമിടുന്നത്. അടുത്ത ഘട്ടത്തിൽ ഡിസംബർ 31 നകം പ്രൈവറ്റ് മേഖലയിലെ ആരോഗ്യപ്രവർത്തകരേയും ആരോഗ്യസ്ഥാപനങ്ങളേയും ABDM ൽ ഉൾപ്പെടുത്തേണ്ടതായുണ്ട്. ഈ ഹെല്പ്ഫയലിൽ താഴെ പറയുന്ന രണ്ട് വിഭാഗങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന വിധമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

1. **Healthcare Professional Registry [HPR]**
2. **Health Facility Registry [HFR]**

Healthcare Professional Registry [HPR]

രാജ്യത്തെ മുഴുവൻ പ്രൊഫഷണലായ ആരോഗ്യപ്രവർത്തകരേയും ഹെൽത്ത്കെയർ പ്രൊഫഷണൽ രജിസ്ട്രിയിൽ ഉൾപ്പെടുത്താനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. സർക്കാർ മേഖലയിലേയും പ്രൈവറ്റ് മേഖലയിലേയും ആരോഗ്യപ്രവർത്തകരെ ഒരേ കുടക്കീഴിൽ കൊണ്ടുവരികയും, അവരുടെ സേവനസംബന്ധമായ വിവരങ്ങൾ അവരുടെ സമ്മതത്തോടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കത്തക്കരീതിയിൽ വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുകയും, മെഡിക്കൽ കൗൺസിൽ അവരുടെ രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ വെരിഫൈ ചെയ്ത്, verified സ്റ്റാറ്റസ് നൽകുകയും ചെയ്യുകയെന്നതാണ് HPR കൊണ്ട് ഉദ്ദേശിക്കുന്നത്.

രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കുന്നതിന് മുമ്പ്, താഴെ പറയുന്ന രേഖകൾ സ്കാൻ ചെയ്ത്, JPG/JPEG/PNG/PDF ഫോർമാറ്റിലാക്കി ഡെസ്ക്ടോപ്പിൽ സേവ് ചെയ്തിടേണ്ടതാണ്. PNG ഫോർമാറ്റിലാണ് അപ് ലോഡ് ചെയ്യാനെളുപ്പം. രജിസ്ട്രേഷന്റെ ഭാഗമായി ഇവയോരോന്നും നിർദ്ദിഷ്ട കോളങ്ങളിൽ അപ് ലോഡ് ചെയ്യേണ്ടതായുണ്ട്.

1. TCMC Registration Certificate
2. Medical Degree Certificate
3. Additional Qualification Certificates
4. Appoint letter / Latest Transfer Order / Payslip [For Govt Category]

Healthcare Professionals ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷനിൽ രജിസ്റ്റർ ചെയ്യുന്നതിനായി www.hprid.abdm.gov.in എന്ന വെബ്സൈറ്റ് ഓപ്പണാക്കുക. ഈ പേജിലെ **Create your Healthcare Professional ID now** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.

Healthcare Professional ID ക്രിയേറ്റ് ചെയ്യുന്നതിനുള്ള പേജ് ഓപ്പണാകുന്നതാണ്. അതിൽ **I AM HEALTHCARE PROFESSIONAL** എന്ന ഓപ്ഷൻ തെരഞ്ഞെടുക്കുക.

തുടർന്ന്, **Healthcare Professional ID & Healthcare Professional Address** ക്രിയേറ്റ് ചെയ്യുന്നതിനുള്ള പേജ് ഓപ്പണാകുന്നതാണ്. ഈ Healthcare Professional ID ഉപയോഗിച്ചാണ് പിന്നീട് ഓരോ തവണയും ലോഗിൻ ചെയ്യേണ്ടത്. Healthcare Professional ID രണ്ട് മാർഗ്ഗങ്ങളിലൂടെ [ആധാർ വഴിയും ഡ്രൈവിംഗ് ലൈസൻസ് വഴിയും] ക്രിയേറ്റ് ചെയ്യാവുന്നതാണ്. ഇതിൽ **കഴിവതും ആധാർ ഓപ്ഷൻ വഴിതന്നെ രജിസ്റ്റർ ചെയ്യാൻ നോക്കുക. ഡ്രൈവിംഗ് ലൈസൻസ് ഓപ്ഷൻ വഴിയാണ് ചെയ്യുന്നതെങ്കിൽ, പിന്നീട് ഡേറ്റാവെരിഫിക്കേഷനായി നമ്മൾ അതത് മെഡിക്കൽ കൗൺസിലിൽ നേരിട്ട് പോകേണ്ടിവരും.**

ഭാരതീയ ചികിത്സാവകുപ്പ്
Indian Systems of Medicine



Generate via Aadhaar എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക. തുടർന്ന് വരുന്ന പേജിൽ ആധാർ നമ്പർ നൽകുക. ആ കോളത്തിന് താഴെയായി വിവിധ സർട്ടിഫിക്കേഷനുകൾ കാണാവുന്നതാണ്.



ഏറ്റവും താഴെയുള്ള I agree, I am not a robot എന്നീ രണ്ട് ചെക്ക്ബോക്സുകൾ ടിക്ക് മാർക്ക് ചെയ്തശേഷം, താഴെയുള്ള Submit ബട്ടണിൽ ക്ലിക്ക് ചെയ്യുക.



തുടർന്ന്, നമ്മുടെ മൊബൈലിലേക്ക് വരുന്ന ആധാർ OTP നിർദ്ദിഷ്ടകോളത്തിൽ എന്റർ ചെയ്തശേഷം സബ്മിറ്റ് ചെയ്യുക.



തുടർന്ന്, മൊബൈൽ OTP വഴി നമ്മുടെ KYC കൺഫേം ചെയ്യുന്നതിനായി നമ്മുടെ ഒരു മൊബൈൽ നമ്പർ നൽകേണ്ടതാണ്. ആധാർ OTP വരുന്ന അതേ മൊബൈൽ നമ്പറും നൽകാവുന്നതാണ്. തുടർന്ന്, Submit ബട്ടണിൽ ക്ലിക്ക് ചെയ്യുക.



ഇപ്രകാരം നൽകുന്ന മൊബൈൽ നമ്പറിൽ വരുന്ന OTP നിർദ്ദിഷ്ടകോളത്തിൽ എന്റർ ചെയ്ത്, സബ്മിറ്റ് ചെയ്യുന്നതോടെ ആധാർ ഡേറ്റാബേസിൽ നിന്നും നമ്മുടെ വിവരങ്ങൾ ഓപ്പണാകുന്നതാണ്.



അടിസ്ഥാനവിവരങ്ങളെല്ലാം ആധാർ ഡേറ്റാബേസിൽ നിന്നും തനിയേതന്നെ വരുന്നതാണ്. തുടർന്ന്, Healthcare Professional Category, Sub category എന്നിവ ഡ്രോപ്ഡൗൺ മെനുവിൽ നിന്നും തെരഞ്ഞെടുക്കുക. അതിനുശേഷം ഒരു യൂസർ ഐ.ഡി. നമ്മുടെ താല്പര്യപ്രകാരം എന്റർ ചെയ്യുക. എന്റർ ചെയ്യുന്ന യൂസർ ഐ.ഡി., available ആണെങ്കിൽ സിസ്റ്റം സ്വീകരിക്കുന്നതാണ്.



E-MAIL : നമ്മുടെ ഇ-മെയിൽ അഡ്രസ്സ് നൽകുക.

Password : നിബന്ധനകൾക്ക് വിധേയമായി നമുക്ക് ഇഷ്ടമുള്ള പാസ് വേഡ് നൽകാവുന്നതാണ്.

State, District എന്നിവ ആധാർ ഡേറ്റാബേസിൽ നിന്നും വന്നിട്ടുണ്ടാവും. ഇല്ലെങ്കിൽ അത് ഡ്രോപ്ഡൗൺ മെനുവിൽ നിന്നും സെലക്ട് ചെയ്യുക. Permanent Address, Gender എന്നിവ തനിയേതന്നെ വന്നിട്ടുണ്ടാവും.



തുടർന്ന്, Submit ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ നമ്മുടെ പ്രൊഫൈൽ ക്രിയേറ്റ് ആവുന്നതാണ്.



നമ്മുടെ പ്രൊഫൈൽ പേജിൽ ഇടതുവശത്തായി Edit Profile, Change Password, Update/Verify Email Address, Re-KYC Verification തുടങ്ങിയ ഓപ്ഷനുകൾ കാണാവുന്നതാണ്. അതത് കാര്യങ്ങൾ അതത് ഓപ്ഷനുകൾ ഉപയോഗിച്ച് ഈ പേജിൽ നിന്നും ചെയ്യാവുന്നതാണ്. Healthcare Professional ID Card ഈ ഘട്ടത്തിൽ നമുക്ക് ഡൗൺലോഡ് ചെയാനാകില്ല. അതത് **മെഡിക്കൽ കൗൺസിലും ആരോഗ്യപ്രവർത്തകന്റെ വകുപ്പും നമ്മുടെ രജിസ്ട്രേഷൻ അംഗീകരിച്ച് verified സ്റ്റാറ്റസ് നൽകുന്നമുറക്കേ Healthcare Professional ID Card ഡൗൺലോഡ് ചെയ്യാൻ കഴിയുകയുള്ളൂ**

Healthcare Professional ID Number, Healthcare Professional Address, Password എന്നിവ പിന്നീടുള്ള ആവശ്യങ്ങൾക്കായി എഴുതി സൂക്ഷിച്ചുവയ്ക്കേണ്ടതാണ്

ചാർജ്ജ് മെഡിക്കൽ ഓഫീസറുടെ Healthcare Professional ID ക്രിയേറ്റ് ചെയ്താലുടൻ തന്നെ ആവശ്യമെങ്കിൽ HFR ൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇപ്രകാരം HFR ൽ രജിസ്റ്റർ ചെയ്ത് സബ്മിറ്റ് ചെയ്താൽ, Facility ID ലഭിക്കുന്നതാണ്. ആ Facility ID ഉപയോഗിച്ച് HPR ലെ തുടർന്നുള്ള പേജിലെ Work Details ൽ ഫെസിലിറ്റി ആഡ് ചെയ്യാവുന്നതാണ്.

പ്രൊഫൈൽ ക്രിയേറ്റ് ആയശേഷം, രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനായി, Healthcare Professional ID Card ന് തൊട്ടുമുകളിലുള്ള **here** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.



തുടർന്ന് പ്രൊഫൈൽ പേജ് ഓപ്പണാകുന്നതാണ്. ഇവിടെ ആദ്യം തന്നെ നമ്മുടെ ഇ-മെയിൽ വെരിഫൈ ചെയ്യേണ്ടതാണ്. ഇ-മെയിൽ വെരിഫിക്കേഷനായി verify എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുമ്പോൾ, നമ്മുടെ മെയിലിലേക്ക് വരുന്ന OTP, നിർദ്ദിഷ്ടകോളത്തിൽ എന്റർ ചെയ്താൽ മതിയാകുന്നതാണ്. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനായി 4 ഘട്ടങ്ങളാണുള്ളത്.

1. Personal Details
2. Registration & Academic Details
3. Work Details
4. Preview Profile



Personal Details:

Personal details ൽ ആവശ്യമെങ്കിൽ പ്രൊഫൈൽ പിക്ച്ചർ അപ്ഡേറ്റ് ചെയ്യാവുന്നതാണ്. അതിനായി, Update Profile Picture എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.



തുടർന്ന്, അപ്ഡേറ്റ് ചെയ്യേണ്ട പ്രൊഫൈൽ പിക്ച്ചർ, ബ്രൗസ് ചെയ്ത്, സേവ് ചെയ്യുന്നതോടെ, അത് അപ്ഡേറ്റ് ആകുന്നതാണ്. **PNG ഫോർമാറ്റിലുള്ള ഇമേജ് ആയിരിക്കും അപ് ലോഡ് ചെയ്യാൻ കൂടുതൽ എളുപ്പം.**



Profile picture മാറ്റുന്നതോടെ അത് സംബന്ധിച്ച ഓൺസ്ക്രീൻ മെസേജ് വരുന്നതാണ്. നമ്മുടെ പ്രൊഫൈലിൽ പുതിയ ഇമേജ് അപ്ഡേറ്റ് ആയതായി കാണാവുന്നതാണ്.



അതിനുശേഷം, ആ പേജിൽ താഴെയുള്ള Additional Personal Details ലെ വിവരങ്ങൾ പൂരിപ്പിക്കേണ്ടതാണ്. Languages spoken എന്ന കോളത്തിൽ ഡ്രോപ്ഡൗൺ മെനുവിൽ നിന്നും ഒന്നിലധികം ഭാഷകൾ സെലക്റ്റ് ചെയ്യാവുന്നതാണ്.



Additional Personal Details

Salutation * — (•) Dr. ( ) Mr. ( ) Ms. ( ) Do Not Specify

Do you want to show a different public profile picture ? — (•) Yes ( ) No

First Name (For Public Display) *	Middle Name (For Public Display)	Last Name (For Public Display)
Manesh	Kumar	

Father's Name	Mother's Name	Spouse's Name

Nationality	Languages spoken *
Indian	× English × Hindi × Malayalam

Note: Multiple language can be selected

അതിനുതാഴെയുള്ള Address as per KYC എന്ന കോളത്തിൽ നമ്മൾ നൽകിയ KYC [Aadhaar / Driving Licence] പ്രകാരമുള്ള നമ്മുടെ മേൽവിലാസം തനിയേതന്നെ വന്നിരിക്കുന്നതായി കാണാവുന്നതാണ്.



Address as per KYC :

Aadhaar Verified

തുടർന്ന്, താഴെയായി Communication address നൽകേണ്ടതാണ്. KYC യിൽ ഉള്ള അതേ മേൽവിലാസം ആണെങ്കിൽ, അത് സെലക്റ്റ് ചെയ്യുന്നതിനുള്ള ചെക്ക്ബോക്സിൽ ടിക്ക് മാർക്ക് ചെയ്താൽ മതിയാകുന്നതാണ്.



Communication Address

Is this communication address same as your address as per KYC ? ☑

Name *

Manesh Kumar

Address *	Country*	State/Union Territory *
	India	Kerala

District *	Sub District	City/Town/Village
Kollam	Kottarakkara	Elamad

Postal Code(PIN) *

691533

താഴെയുള്ള Contact Information ൽ, നമ്മുടെ പ്രൊഫൈലിലുള്ള ഒഫിഷ്യൽ മൊബൈൽ നമ്പർ, ഇ മെയിൽ അഡ്രസ്സ് എന്നിവയോ, അല്ലെങ്കിൽ

വേറെയോ, പൊതുജനങ്ങൾക്ക് കാണുന്നതിനായി വെബ് സൈറ്റിൽ നൽകുന്നതിനുള്ള ഓപ്ഷൻ തെരഞ്ഞെടുക്കാവുന്നതാണ്. പ്രൊഫൈലിൽ നിന്നും വ്യത്യസ്തമായ ഇ-മെയിൽ, മൊബൈൽ നമ്പർ എന്നിവയാണ് നൽകുന്നതെങ്കിൽ, താഴെയുള്ള കോളങ്ങളിൽ അത് എന്റർ ചെയ്തശേഷം, OTP മുഖേന വെരിഫൈ ചെയ്യേണ്ടതാണ്.



തുടർന്ന്, Save & Next കൊടുത്ത് അടുത്ത പേജിലേക്ക് കടക്കാവുന്നതാണ്.

Registration & Academic Details:

നമ്മുടെ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങളും. വിദ്യാഭ്യാസയോഗ്യത സംബന്ധിച്ച വിവരങ്ങളുമാണ് ഈ പേജിൽ അപ്ഡേറ്റ് ചെയ്യേണ്ടത്. ആദ്യമായി മെഡിക്കൽ സിസ്റ്റം ഏതാണെന്നുള്ളത് സെലക്റ്റ് ചെയ്യേണ്ടതാണ്.



തുടർന്ന്, മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ വിവരങ്ങൾ ചേർക്കേണ്ടതാണ്. കൂടാതെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സ്കാൻ ചെയ്ത പകർപ്പ്, ഈ പേജിൽ അറ്റാച്ച് ചെയ്യേണ്ടതുമാണ്. ആധാർ കാർഡിൽ നിന്നും വ്യത്യസ്തമാണ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലെ പേരെങ്കിൽ, അത് കാണിക്കുന്നതിനുള്ള ഓപ്ഷനും ഈ പേജിലുണ്ട്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നമ്മുടെ ഡിജിലോക്കറിൽ ഉണ്ടെങ്കിൽ, അത് അവിടെ നിന്നും പുൾ ചെയ്തെടുക്കുന്നതിനുള്ള സൗകര്യവും ഈ പേജിലുണ്ട്.



Registration Details (Ayurveda)

Registered With Council *
Travancore-Cochin Medical Councils, Kerala

Registration Number *
1234

Registration Date (if available)
22/12/1999

Is this registration permanent or renewable? *
Permanent Renewable

Registration Certificate Attachment *
Browse... BAMS.jpg
Max Allowed File Size 5 MB. (Allowed Formats : PDF, PNG, JPEG, JPG)

Pull From DigiLocker

Is your name in registration certificate, different from your name in Aadhaar?
Yes No

തുടർന്ന്, താഴെയായി വിദ്യാഭ്യാസയോഗ്യത സംബന്ധിച്ച വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. എല്ലാ വിവരങ്ങളും ഡ്രോപ്ഡൗൺ മെനുവിൽ നിന്നും സെലക്ട് ചെയ്യാവുന്നതാണ്. ഡ്രോപ്ഡൗൺ മെനുവിൽ ഇല്ലാത്ത വിവരങ്ങളാണെങ്കിൽ, **Any Other** ഓപ്ഷൻ സെലക്ട് ചെയ്തശേഷം, നമുക്ക് തന്നെ ടൈപ്പ് ചെയ്ത് ചേർക്കാവുന്നതാണ്.

അഡീഷണൽ വിദ്യാഭ്യാസയോഗ്യതകൾ ഉള്ള ആൾക്കാർക്ക്, Add Additional Qualification എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത്, പുതിയ കോളത്തിൽ ആ വിവരങ്ങൾ ഇൻസർട്ട് ചെയ്യാവുന്നതാണ്. ഇത്രയും വിവരങ്ങൾ നൽകിക്കഴിഞ്ഞാൽ **Save & Next** ബട്ടണിൽ ക്ലിക്ക് ചെയ്ത്, അടുത്ത പേജിലേക്ക് കടക്കാവുന്നതാണ്.



Qualification Details (Ayurveda)

Name Of Degree Or Diploma Obtained (for Public Display) *
BAMS - Bachelor of Ayurvedic Medicine and Surg...

Country Name *
India

State (in which college is located) *
Kerala

College *
Government Ayurveda College, Kannur

University *
Any Other

Other University name *
Calicut University

Month Of Awarding Degree/Diploma
December

Year Of Awarding Degree/Diploma (for public display) *
1999

Degree Attachment *
Browse... BAMS Degree.jpg
Max Allowed File Size 5 MB. (Allowed Formats : PDF, PNG, JPEG, JPG)

Pull From DigiLocker

Is your name in degree, different from your name in Aadhaar? *
Yes No

Add Additional Qualification

Work Details:

ആരോഗ്യപ്രവർത്തകർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലത്തെ സംബന്ധിച്ച വിവരങ്ങളാണ് ഈ പേജിൽ നൽകേണ്ടത്. ആദ്യം തന്നെ ഡ്രോപ്ഡൗൺ മെനുവിൽ നിന്നും സ്പെഷ്യാലിറ്റി സെലക്റ്റ് ചെയ്യേണ്ടതാണ്.



തുടർന്ന്, ജോലി സംബന്ധിച്ച വിവരങ്ങൾ നൽകേണ്ടതാണ്. Nature of Work എന്നതിൽ ഒന്നിലധികം ഓപ്ഷനുകൾ ആവശ്യമെങ്കിൽ തെരഞ്ഞെടുക്കാവുന്നതാണ്. സർക്കാർ മേഖലയിൽ ജോലി ചെയ്യുന്ന ആരോഗ്യപ്രവർത്തകനാണെങ്കിൽ, അത് തെളിയിക്കുന്നതിനായി അപ്പോയിന്റ്മെന്റ് ഓർഡർ, ലേറ്റസ്റ്റ് ട്രാൻസ്ഫർ ഓർഡർ, പേസ്ലിപ്പ് എന്നിവയിൽ ഏതെങ്കിലുമൊന്ന് നിർദ്ദിഷ്ടകോളത്തിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.



തുടർന്ന്, ഇപ്പോൾ ജോലി ചെയ്യുന്ന ഹെൽത്ത് ഫെസിലിറ്റി സംബന്ധിച്ച വിവരങ്ങൾ നൽകേണ്ടതാണ്. HFR ൽ ഇതിനകം നമ്മൾ ജോലി ചെയ്യുന്ന ആശുപത്രി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ, HFR ന്റെ ഹോം പേജിൽ നിന്നും Facility ID ലഭിക്കുന്നതാണ്. ഫെസിലിറ്റി ഐ.ഡി. അറിയാമെങ്കിൽ, Enter Facility ID (if

known) എന്ന കോളത്തിൽ ആ നമ്പർ എന്റർ ചെയ്തശേഷം Search ചെയ്താൽ, ഫെസിലിറ്റി താഴെയായി ലിസ്റ്റ് ചെയ്യപ്പെടുന്നതാണ്. ഫെസിലിറ്റി ഐ.ഡി. അറിയില്ലെങ്കിലും, താഴെയുള്ള Facility name, State, District എന്നീ ഓപ്ഷനുകൾ ഉപയോഗിച്ച് സെർച്ച് ചെയ്ത്, ഫെസിലിറ്റി കണ്ടുപിടിക്കാവുന്നതാണ്.


Place of Work (For Public Display)

Choose Facility Type *

Facility   Organization

Please fill in the below details to add a new facility and declare your association with them. Upon completion of this form, the facility manager will be notified, decline. Upon approval, the declaration status will be changed to Approved in the place of work section.

Search My Facility

Enter Facility ID(if known)

IN3210000039   Search

OR

Facility Name   On The Map

Facility Name   State *   District *

Facility Name   --Select--   --Select--   Search

താഴെ ലിസ്റ്റ് ചെയ്യപ്പെടുന്ന ഫെസിലിറ്റിയുടെ വരിയിലെ Department, Designation എന്നിവ പൂരിപ്പിച്ചശേഷം, അത് സെലക്ട് ചെയ്യുക.


Search My Facility

Enter Facility ID(if known)

IN3210000039   Search

OR

Facility Name   On The Map

Facility Name   State *   District *

Facility Name   --Select--   --Select--   Search

Please select your health facility and enter your designation.

Name	Address	State	District	Type	System of Medicine	Department	Designation	Select
GOVERNMENT AYURVEDA DISPENSARY CHADAYAMANGALAM	Govt Ayurveda Dispensary Chadayamangalam Kollam District Kerala PIN 691534, ,	Kerala	Kollam			Medicine	al Officer	☑

Declare Facility

തുടർന്ന്, താഴെയുള്ള Declare Facility ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ, നമ്മുടെ പ്രൊഫൈലിൽ ഫെസിലിറ്റി ആഡ് ചെയ്യപ്പെടുന്നതാണ്.



Declared Place of Work

Please ensure that all facilities you practice at are listed below

Facility ID	Facility Status	Name	Address	State	District	Type	Department	Designation	eLoc	Status	Action
IN3210000039	Submitted	GOVERNMENT AYURVEDA DISPENSARY..	Govt Ayurveda Dispensary Chada..	Kerala	Kollam		General Medicine	Senior Medical Officer		Declared	Delink

ചികിത്സാസ്ഥാപനങ്ങളിലല്ലാതെ, DMO Office, Directorate തുടങ്ങിയ അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർ, ഫെസിലിറ്റി ആഡ് ചെയ്യേണ്ടതില്ല. അവർക്ക്, അതിനുപകരം, Organization ഓപ്ഷൻ ടിക്ക് ചെയ്തശേഷം, ഓഫീസിന്റെ പേരും വിവരങ്ങളും ടൈപ്പ് ചെയ്ത് നൽകാവുന്നതാണ്. എല്ലാ കോളങ്ങളും പൂരിപ്പിച്ചശേഷം, താഴെയുള്ള **Declare Organisation** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത്, ജോലി ചെയ്യുന്ന ഓഫീസ് ആഡ് ചെയ്യുക.



HFR ൽ ചാർജ്ജ് മെഡിക്കൽ ഓഫീസർ രജിസ്റ്റർ ചെയ്ത്, ഫെസിലിറ്റി ഐ.ഡി ക്രിയേറ്റ് ചെയ്തിട്ടില്ലെങ്കിൽ, ഡോക്ടർമാർ തൽക്കാലം Organization ൽ ആശുപത്രിയുടെ വിവരങ്ങൾ ചേർത്തശേഷം HPR ഫിൽ ചെയ്ത് സബ്മിറ്റ് ചെയ്യാവുന്നതാണ്. പിന്നീട് HFR ൽ രജിസ്റ്റർ ചെയ്ത്, ഫെസിലിറ്റി ഐ.ഡി. ലഭിക്കുന്ന മുറയ്ക്ക്, Work Details എന്ന പേജിൽ ഫെസിലിറ്റി വിവരങ്ങൾ ആഡ്

ചെയ്ത്, നേരത്തെ നൽകിയിരുന്ന Organization വിവരങ്ങൾ Delink ചെയ്ത്, HPR രജിസ്ട്രേഷൻ വീണ്ടും സബ്മിറ്റ് ചെയ്യേണ്ടതാണ്.

ടെലികൺസൾട്ടേഷൻ ഉണ്ടെങ്കിൽ, അതിന്റെ URL നിർദ്ദിഷ്ടകോളത്തിൽ എന്റർ ചെയ്തശേഷം, Save & Next ബട്ടണിൽ ക്ലിക്ക് ചെയ്ത്, അവസാനപേജായ Preview Profile ലേക്ക് കടക്കാവുന്നതാണ്.

Preview Profile:

ഇത്രയും പേജുകൾ പൂരിപ്പിക്കുന്നതോടെ നമ്മുടെ പ്രൊഫൈൽ പൂർത്തിയാവുന്നതാണ്. പബ്ലിഷ് ചെയ്യാൻ പോകുന്ന പേജിൽ നമ്മുടെ പ്രൊഫൈൽ എങ്ങനെയായിരിക്കുമെന്നത്, ഈ പേജിൽ കാണാവുന്നതാണ് പ്രൊഫൈൽ ഇമേജിന് താഴെയായി **Profile Completeness – 100%** എന്ന് കാണാവുന്നതാണ്. പ്രൊഫൈൽ 100% ആയില്ലെങ്കിലും മാൻഡേറ്ററി ഫീൽഡുകൾ എല്ലാം ചേർത്തിട്ടുണ്ടെങ്കിൽ വെരിഫിക്കേഷനായി സബ്മിറ്റ് ചെയ്യാവുന്നതാണ്.



സബ്മിറ്റ് ചെയ്യുന്നതിന് മുമ്പ്, ഏതൊക്കെ വിവരങ്ങൾ Publc Display ൽ കാണിക്കണമെന്ന് നമുക്ക് സെലക്റ്റ് ചെയ്യാവുന്നതാണ്. അതിനായി Preview Profile പേജിലുള്ള Do you want your profile to be visible to the public? എന്ന ചോദ്യത്തിന് നേരെയുള്ള Yes ൽ ഒരിക്കൽ കൂടി ക്ലിക്ക് ചെയ്യുക.



തുടർന്ന് വരുന്ന ടേബിളിലെ Mandatory Fields നമുക്ക് എഡിറ്റ് ചെയ്യാൻ കഴിയില്ല. Optional Fields ൽ നമുക്ക് ആവശ്യമായ, പബ്ലിക് ഡിസ്പ്ലേയിൽ കാണിക്കേണ്ട, വിവരങ്ങൾ സെലക്റ്റ് ചെയ്ത് OK കൊടുക്കുക.



ഇതോടുകൂടി, പ്രൊഫൈൽ അപ്ഡേഷൻ പൂർത്തിയാകുന്നതാണ്. ഈ പേജിൽ ഏറ്റവും താഴെയുള്ള Declaration ൽ ടിക്ക് മാർക്ക് ചെയ്ത്, Submit ബട്ടണിൽ ക്ലിക്ക് ചെയ്യുക.



Healthcare Professional Registry യിലേക്കുള്ള രജിസ്ട്രേഷൻ ഇതോടുകൂടി പൂർത്തിയാകുന്നതാണ്. അപേക്ഷ സമർപ്പിക്കപ്പെട്ടതായി ഓൺസ്ക്രീൻ മെസേജും നമ്മുടെ മൊബൈൽ ഫോണിൽ SMS ഉം വരുന്നതാണ്.



Verification:

നമ്മുടെ പ്രൊഫൈൽ പേജിൽ Application status, Council Verification Status എന്നിവ Submitted എന്ന് കാണാവുന്നതാണ്. ഇപ്രകാരം **സബ്മിറ്റ് ചെയ്യപ്പെടുന്ന അപേക്ഷ, രണ്ട് ഘട്ടങ്ങളിലായി വെരിഫൈ ചെയ്യപ്പെടേണ്ടതുണ്ട്** മെഡിക്കൽ കൗൺസിൽ, നമ്മുടെ രജിസ്ട്രേഷനും വിദ്യാഭ്യാസയോഗ്യതയും സംബന്ധിച്ച അപേക്ഷയിലെ കാര്യങ്ങൾ വെരിഫൈ ചെയ്യുന്നതാണ്. അതുപോലെ, ആരോഗ്യപ്രവർത്തകൻ ജോലി ചെയ്യുന്ന വകുപ്പിന്റെ ഡയറക്ടേറ്റ്, ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനം സംബന്ധിച്ചുള്ള വിവരങ്ങൾ വെരിഫൈ ചെയ്യുന്നതാണ്. ഇപ്രകാരം വെരിഫൈ ചെയ്യപ്പെടുന്ന മുറയ്ക്ക്, സ്റ്റാറ്റസ് Verified എന്ന് ആവുകയും, നമ്മുടെ പ്രൊഫൈൽ പബ്ലിഷ് ആവുകയും ചെയ്യുന്നതാണ്.

Health Facility Registry [HFR]

ആരോഗ്യസ്ഥാപനങ്ങളെ ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷനിൽ രജിസ്റ്റർ ചെയ്യുന്നതിനായി www.facility.abdm.gov.in എന്ന വെബ്സൈറ്റ് ഓപ്പണാക്കുക.

ഈ പേജിലെ **Click here for Login or Registration** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.



Healthcare Professional ID ഉള്ള ഒരു ആരോഗ്യപ്രവർത്തകന് മാത്രമേ നിലവിൽ ഒരു ആരോഗ്യസ്ഥാപനത്തെ ആഡ് ചെയ്യാൻ കഴിയുകയുള്ളൂ ആയതിനാൽ, ഡോക്ടർമാർ, ആദ്യം HPR ID ക്രിയേറ്റ് ചെയ്തതിനുശേഷം മാത്രം HFR രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. ആരോഗ്യസ്ഥാപനങ്ങളെ HFR ൽ രജിസ്റ്റർ ചെയ്യേണ്ടത്, അതത് സ്ഥാപനമേധാവികളുടെ ഉത്തരവാദിത്വം ആണ്.

പുതിയ ആരോഗ്യസ്ഥാപനത്തെ ആഡ് ചെയ്യുന്നതിനായി, നമ്മുടെ Healthcare Professional ID / Number ഉപയോഗിച്ച്, ഈ സൈറ്റിൽ ലോഗിൻ ചെയ്യുക. Authentication നായി, Aadhar OTP, Mobile OTP, E-Mail OTP ഇവയിൽ ഏതെങ്കിലും ഒരു ഓപ്ഷൻ സ്വീകരിക്കാവുന്നതാണ്.



ലോഗിൻ ചെയ്ത ഉടൻ Facility Manager, Nodal Officer/Verifier എന്നിങ്ങനെ രണ്ട് ഓപ്ഷനുകൾ കാണാവുന്നതാണ്. അതിൽ Facility Manager എന്നതിൽ ക്ലിക്ക് ചെയ്യുക.



തുടർന്ന് വരുന്ന പേജിൽ, Register New Facility എന്ന ഓപ്ഷൻ സെലക്ട് ചെയ്യുക. ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളെ ഒരുമിച്ച് ആഡ് ചെയ്യുന്നതിനായി Add Facilities in Bulk എന്ന ഓപ്ഷൻ സെലക്ട് ചെയ്യുക. അതിനുശേഷം Proceed ബട്ടണിൽ ക്ലിക്ക് ചെയ്യുക.

തുടർന്ന്, Detailed Facility Information എന്ന പേജ് ഓപ്പണാകുന്നതാണ്. അതിൽ Healthcare Professional ന്റെ വിവരങ്ങൾ കാണാവുന്നതാണ്.


PROGRESS 26%

To ensure the form is 100% complete, please fill in the remaining optional information

Detailed Facility Information

FACILITY MANAGER DETAILS (for official communications)

First Name*	Middle Name	Last Name	Mobile Number*	
Manesh	Kumar	E	+91	9447012345 Verified

Email*: drmaneshkumar@yahoo.com Verified

അതിന് തൊട്ടുതാഴെയായി കാണുന്ന FACILITY DETAILS എന്ന ഓപ്ഷനിൽ സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ചേർക്കുക. മൊബൈൽ നമ്പർ, ഇ മെയിൽ എന്നിവ നൽകിയശേഷം OTP മുഖേന വെരിഫൈ ചെയ്യേണ്ടതാണ്.


Facility Name*: GOVT AYURVEDA DISPENSARY CHADAYAMANGALAM	Country*: India
State / UT*: Kerala	District*: Kollam
Sub-district*: Kottarakkara	Facility Region: Urban
Village / City / Town: Chadayamangalam	Address line 1: Flat No/ Plot No/ Building Name*: Govt Ayurveda Dispensary
Address line 2: Street/ Road/ Area/ Locality: Near KSRTC Bus Station	Pin Code*: 691534
Landline Number(for public display): 0474 2475956	Mobile Number(for public display): +91 Verify
Facility Email(for public display): gadchadayamangalam@gmail.com Verify	Website(for public display):

തുടർന്ന്, താഴെയായി സ്ഥാപനത്തിന്റെ Geographic location ആഡ് ചെയ്യേണ്ടതാണ്. **Geographic location ആഡ് ചെയ്യുന്നതിനായി, ആ കോളത്തിന് വലതുവശത്തുള്ള നീല ബട്ടണിൽ ക്ലിക്ക് ചെയ്തശേഷം, താഴെയുള്ള മാപ്പിൽ, നമ്മുടെ സ്ഥാപനത്തിന്റെ ശരിയായ ലൊക്കേഷനിൽ കൊണ്ടുവയ്ക്കുക.** തുടർന്ന്, താഴെയുള്ള Done എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ Geographic location എന്ന കോളത്തിൽ ലാറ്റിറ്റ്യൂഡും ലോഞ്ചിറ്റ്യൂഡും ആഡ് ചെയ്യപ്പെടുന്നതാണ്.



സ്ഥാപനത്തിന് സ്വന്തമായി Website, Online Appointment Booking സൗകര്യം എന്നിവയുണ്ടെങ്കിൽ, അതിന്റെ ലിങ്കുകൾ നിർദ്ദിഷ്ടകോളങ്ങളിൽ നൽകാവുന്നതാണ്.



അതിനുശേഷം താഴെയായി Uploads എന്ന ഓപ്ഷനിൽ സ്ഥാപനത്തിന്റെ ഫോട്ടോ, സ്ഥാപനത്തിന്റെ ബോർഡിന്റെ ഫോട്ടോ, അഡ്രസ്സ് പ്രൂഫ് എന്നിവ അപ് ലോഡ് ചെയ്യേണ്ടതാണ്.



ആവശ്യമെങ്കിൽ അഡീഷണൽ അഡ്രസ്സ് പ്രൂഫ് നൽകുന്നതിനുള്ള സൗകര്യവും ഈ പേജിൽ ലഭ്യമാണ്.



നമ്മുടെ ആരോഗ്യസ്ഥാപനവുമായി ബന്ധപ്പെട്ട് മറ്റേതെങ്കിലും ഹെൽത്ത് പ്രോഗ്രാമുകൾ ലിങ്ക് ചെയ്തിട്ടുണ്ടെങ്കിൽ, അതിന്റെ ID Number നൽകുന്നതിനുള്ള കോളങ്ങൾ താഴെയായി കാണാവുന്നതാണ്. അപ്രകാരമുള്ള സ്ഥാപനങ്ങൾ മാത്രം ഈ കോളങ്ങൾ പൂരിപ്പിച്ചാൽ മതിയാകുന്നതാണ്.



താഴെയായി, സ്ഥാപനത്തെ സംബന്ധിച്ചുള്ള അഡീഷണൽ വിവരങ്ങൾ നൽകേണ്ടതാണ്. ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനദിവസങ്ങളും പ്രവർത്തിസമയവും നമുക്ക് എഡിറ്റ് ചെയ്ത്, ചേർക്കാവുന്നതാണ്.


ADDITIONAL FACILITY DETAILS

Please Note:
- Tick the 24Hrs box if your facility opens all day.
- The timings can be either typed in 24hr format or selected from the timepicker.
- You can use the button to copy that particular day's timings to another day.
- The Green color means "Facility is open" on that day whereas, Red color means "Facility is closed" on that day.

Days of Operation			Shift 1				Shift 2(if any)		
MON	24 Hrs	From	09:00	To	14:00	From		To	
TUE	24 Hrs	From	09:00	To	14:00	From		To	
WED	24 Hrs	From	09:00	To	14:00	From		To	
THU	24 Hrs	From	09:00	To	14:00	From		To	
FRI	24 Hrs	From	09:00	To	14:00	From		To	
SAT	24 Hrs	From	09:00	To	14:00	From		To	
SUN	24 Hrs	From	09:00	To	14:00	From		To	

ആരോഗ്യകേന്ദ്രത്തിൽ HMIS [Hospital Management Information System] ഉണ്ടെങ്കിൽ, ആയത് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെയായി നൽകേണ്ടതാണ്. ഭാരതീയചികിത്സാവകുപ്പിൽ E-Hospital സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ ആ കോളത്തിൽ ehospital എന്ന് പൂരിപ്പിക്കാവുന്നതാണ്.



തുടർന്ന്, save & Next ബട്ടണിൽ ക്ലിക്ക് ചെയ്ത്, അടുത്ത പേജിലേക്ക് കടക്കുക. ഇവിടെ Facilty Ownership, System of Medicine, Speciality, Type of Service തുടങ്ങിയ വിവരങ്ങളാണ് നൽകേണ്ടത്.



ഇത്രയും വിവരങ്ങൾ നൽകിയശേഷം Save & Next ബട്ടണിൽ ക്ലിക്ക് ചെയ്ത്, അടുത്ത പേജിലേക്ക് കടക്കുക. ഈ പേജിൽ നമ്മുടെ ആരോഗ്യകേന്ദ്രത്തിൽ നിന്നും എന്തെല്ലാം സർവീസുകളാണ് നൽകുന്നതെന്നുള്ള വിവരം നൽകുക.


Detailed Facility Information

SERVICES/SPECIALIZATION

☑ General OPD Services *

Ayurveda

☐ Balrog (Paediatrics)	☑ Kaya Chikitsa (Internal Medicine)	☐ Panchkarma (Penta Bio Purification)	☐ Prasuti & Stri Roga (Obstetrics & Gynaecology)
☐ Shalya (Surgery)	☐ Shalakya (Eye & ENT)	☐ Swasthavritta and Yoga (Preventive and Social Medicine & Yoga)	☐ Atyayik Chikitsa (Emergency Medicine)
☐ Cancer	☐ Neurology and Degenerative Disease Care Clinic	☐ Diabetes and Metabolic Disorders Care Clinic	☐ Dietetics and Yoga Clinic
☐ Rheumatology / Musculoskeletal Disease Care Clinic	☐ Antenatal Care Clinic	☐ Anorectal Care Clinic	☐ Manas Rog (Psychiatry)
☐ Medorog (Obesity Clinic)	☐ Integrated AYUSH Clinics	☐ Any other (specify)	

അതിനുശേഷം, നമ്മുടെ ആരോഗ്യസ്ഥാപനത്തിൽ നിന്നും നൽകുന്ന മറ്റുള്ള സേവനങ്ങൾ സെലക്റ്റ് ചെയ്തശേഷം Save & Next ബട്ടണിൽ ക്ലിക്ക് ചെയ്യുക.


GENERAL INFORMATION

Does your facility have Diagnostic Laboratory?
○ Yes, available for everyone ○ Yes, available for in-patients only ◉ No

Does your facility have Pharmacy?
◉ Yes, available for everyone ○ Yes, available for in-patients only ○ No

Does your facility have Blood Bank?
○ Yes, available for everyone ○ Yes, available for in-patients only ◉ No

Does your facility have Cath Lab?
○ Yes, available for everyone ○ Yes, available for in-patients only ◉ No

Does your facility have Dialysis Center?
○ Yes, available for everyone ○ Yes, available for in-patients only ◉ No

Does your facility have Imaging Center?
○ Yes, available for everyone ○ Yes, available for in-patients only ◉ No

Save and Previous | Save as Draft | Save and Next

ഇതോടുകൂടി, ആരോഗ്യസ്ഥാപനം സംബന്ധിച്ച മുഴുവൻ വിവരങ്ങളും എന്റർ ചെയ്തുകഴിയപ്പെടുന്നതാണ്.


Detailed Facility Information

☑ I Manesh Kumar E, am the applicant of the above facility, and do hereby verify that the details as submitted on the portal pertaining to the above facility are true to my personal knowledge and nothing material has been concealed or falsely stated. I request you to kindly verify that the health facility as stated actually exists and give approval to that effect so that the facility can be 'validated for existence' on the portal.

I am aware that the facility ID and related information can be used and shared with the entities working in the National Digital Health Ecosystem (NDHE) which inter alia includes stakeholders and entities such as healthcare professionals (e.g. doctors), facilities (e.g. hospitals, laboratories) and data fiduciaries (e.g. health programmes), which are registered with or linked to the Ayushman Bharat Digital Mission (ABDM), and various processes there under. I reserve the right to revoke the given consent at any point of time, subject to applicable laws, rules and regulations. *

Previous | Preview | Submit

ഈ പേജിൽ താഴെയുള്ള Preview ബട്ടണിൽ ക്ലിക്ക് ചെയ്ത്, നമ്മൾ പൂരിപ്പിച്ച അപേക്ഷയുടെ പ്രിവ്യൂ കാണാവുന്നതാണ്



ഈ ഡിക്ലറേഷന് നേരെയുള്ള ചെക്ക് ബോക്സിൽ ടിക്ക് മാർക്ക് ചെയ്ത്, താഴെയുള്ള **Submit** ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ഹെൽത്ത് ഫെസിലിറ്റി രജിസ്ട്രിയിലേക്കുള്ള അപേക്ഷ സമർപ്പിക്കപ്പെടുന്നതാണ്.



Verification:

ആരോഗ്യസ്ഥാപനങ്ങളുടെ വെരിഫിക്കേഷൻ, അതത് ജില്ലകളിലുള്ള എല്ലാ സിസ്റ്റത്തിലുമുള്ള ഡോക്ടർമാർ അടങ്ങുന്ന വെരിഫിക്കേഷൻ ടീം ആണ് ചെയ്യുന്നത്. വെരിഫിക്കേഷൻ ടീം, നമ്മൾ നൽകിയ അപേക്ഷയുടെ വിശദവിവരങ്ങൾ പരിശോധിച്ച്, അംഗീകാരം നൽകുന്നതോടെ, നമ്മുടെ സ്ഥാപനത്തിന്റെ വിവരങ്ങൾ പബ്ലിഷ് ആവുന്നതാണ്. https://facility.abdm.gov.in എന്ന സൈറ്റിലെ എന്ന ഓപ്ഷൻ ഉപയോഗിച്ച്

സെർച്ച് ചെയ്താൽ നമ്മുടെ ഫെസിലിറ്റി ലിസ്റ്റ് ചെയ്യപ്പെടുന്നതായി കാണാവുന്നതാണ്.



APPROVING FACILITY DECLARATION IN HFR:

HPR ൽ ഡോക്ടർമാർ ഡിക്ലയർ ചെയ്ത ഫെസിലിറ്റി, ഫെസിലിറ്റി മാനേജർ HFR ൽ അപ്രൂവ് ചെയ്യേണ്ടതുണ്ട്. ഇപ്രകാരം അപ്രൂവ് ചെയ്യുന്നതിനായി, ഫെസിലിറ്റി മാനേജറായ ചാർജ്ജ് മെഡിക്കൽ ഓഫീസർ, HPR ID ഉപയോഗിച്ച് HFR സൈറ്റിൽ ലോഗിൻ ചെയ്യുക. ഹോംപേജിൽ തന്നെ, ഈ ഫെസിലിറ്റി ക്ലെയിം ചെയ്ത ഡോക്ടർമാരുടെ ഡിക്ലറേഷൻ സംബന്ധിച്ച നോട്ടിഫിക്കേഷൻ കാണാവുന്നതാണ്. അത് ക്ലോസ് ചെയ്യുക.



തുടർന്ന്, HFR Dashboard ഓപ്പണാകുന്നതാണ്. അതിൽ ഏറ്റവും താഴെയുള്ള Add Healthcare Professional എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക.



Pending Healthcare Professional Declarations എന്ന പേജ് ഓപ്പണാകുന്നതാണ്. അതിൽ നമ്മുടെ ഫെസിലിറ്റി ഡിക്ലയർ ചെയ്ത ഡോക്ടർമാരുടെ വിവരങ്ങൾ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ടാവും.



GOVERNMENT AYURVEDA DISPENSARY CHADAYAMANGALAM

Pending Healthcare Professional Declarations

Please approve or deny the below declarations from Healthcare Professionals who have listed your facility as a place of practice on their Healthcare Professional Registry profile

Name	Gender	Mobile Number	Registration Number	Speciality	Designation	Department	Healthcare Professional Category	Healthcare Professional Verification Status	Action
Manesh Kumar E	Male	9447091388	7100	MD (Ayurveda	Senior Medical Officer	General Medicine	doctor	pending	Approve Deny

ആ വരിയിൽ വലത്തേയറ്റത്തുള്ള Approve ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ആ ഡോക്ടർ നമ്മുടെ ഫെസിലിറ്റിയിൽ ആഡ് ചെയ്യപ്പെടുന്നതാണ്.



ആഡ് ചെയ്യപ്പെട്ട ഹെൽത്ത്കെയർ പ്രൊഫഷണൽ, താഴെ ലിസ്റ്റ് ചെയ്യപ്പെടുന്നതാണ്. സ്ഥലംമാറ്റം പോലെയുള്ള അവസരങ്ങളിൽ, ഡോക്ടർമാരെ ഫെസിലിറ്റിയിൽ നിന്നും റിമൂവ് ചെയ്യുന്നതിന്, താഴെയുള്ള Delink / Remove ഓപ്ഷനുകൾ ഉപയോഗിക്കാവുന്നതാണ്.

Personnel ?

Please ensure that all Healthcare Professionals practicing at your facility are recorded in the list below
You can select multiple Healthcare Professionals at a time to Delink from this facility or Remove from this list.
Please note that only Delinked Healthcare Professionals can be Removed this list.

No of Records Per Page: 5 10 20 50 100 Total records : 1 1

Select All	Healthcare Professional ID	Name	Mobile Number (not for public display)	Registration Number	Speciality	Designation	Department	Healthcare Professional Category	Healthcare Professional Verification Status	Healthcare Professional Facility Linkage Status
	71-2284-6430-2802	Manesh Kumar E	9447091388	7100	MD (Ayurveda	Senior Medical Officer	General Medicine	doctor	pending	Approved

Delink Healthcare Professionals Remove Healthcare Professionals

Please ensure that you want to Delink or remove multiple selected Healthcare Professional from this list.

സ്ഥലംമാറ്റം പോലെയുള്ള സന്ദർഭങ്ങളിൽ, സ്ഥലം മാറി വരുന്ന ഡോക്ടർമാരെ, പഴയ സ്റ്റേഷനിൽ Delink/Remove ചെയ്തുകഴിഞ്ഞാൽ, പുതുതായി ജോയിൻ ചെയ്യുന്ന സ്ഥലത്തെ ചാർജ്ജ് മെഡിക്കൽ ഓഫീസർ, അവരെ ഫെസിലിറ്റിയിൽ ആഡ് ചെയ്യേണ്ടതാണ്. അതിനായി HFR Dashboard ലെ Add

Healthcare Professional എന്ന ഓപ്ഷൻ തെരഞ്ഞെടുക്കുക. തുടർന്ന്, സ്ഥലം മാറി വന്ന ഡോക്ടറുടെ HPR ID നിർദ്ദിഷ്ടകോളത്തിൽ നൽകി, താഴെയുള്ള Search Healthcare Professional എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. HPR ID അറിയില്ലെങ്കിൽ, അതേ പേജിലുള്ള മറ്റ് സെർച്ച് ഓപ്ഷനുകൾ ഉപയോഗിക്കാവുന്നതാണ്.



തുടർന്ന്, ഡോക്ടറുടെ പേര് താഴെ ലിസ്റ്റ് ചെയ്യപ്പെടുന്നതാണ്. ആ വരി സെലക്റ്റ് ചെയ്തശേഷം, താഴെയായി പുതുതായി ജോയിൻ ചെയ്ത ഡോക്ടറുടെ Designation, Department എന്നിവ നിർദ്ദിഷ്ടകോളങ്ങളിൽ ചേർത്ത്, Declare ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ, ആ ഡോക്ടർ നമ്മുടെ ഫെസിലിറ്റിയിൽ ആഡ് ചെയ്യപ്പെടുന്നതാണ്.



അത് സംബന്ധിച്ച മെസേജ്, ഓൺസ്ക്രീനായി വരുന്നതാണ്.



TRANSFER OF FACILITY IN HFR

ഫെസിലിറ്റി മാനേജരായ ചാർജ്ജ് മെഡിക്കൽ ഓഫീസർ ട്രാൻസ്ഫറാകുന്ന സന്ദർഭങ്ങളിലും ചാർജ്ജ് കൈമാറുന്ന മറ്റ് സന്ദർഭങ്ങളിലും, ഫെസിലിറ്റി പുതിയ ചാർജ്ജ് മെഡിക്കൽ ഓഫീസറുടെ ലോഗിനിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതുണ്ട്. സ്പാർക്ക് പോലെയുള്ള സൈറ്റുകളിൽ, നമ്മുടെ ഓഫീസ് ലോഗിനിൽ നിന്നും ചാർജ്ജ് മെഡിക്കൽ ഓഫീസറെ, മറ്റ് ഓഫീസുകളുടെ ലോഗിനിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്യുന്നത്. എന്നാൽ, HFR ൽ ജീവനക്കാരെയല്ല ട്രാൻസ്ഫർ ചെയ്യുന്നത്. പകരം, **ഫെസിലിറ്റിയെ പുതുതായി ചാർജ്ജ് എടുക്കുന്ന ഓഫീസറുടെ ലോഗിനിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്യുന്നത്.**

INITIATE TRANSFER REQUEST:

ഫെസിലിറ്റി ട്രാൻസ്ഫർ ചെയ്യുന്നതിനായി, HFR ലോഗിൻ ചെയ്തശേഷം, ഹോംപേജിലുള്ള Logout ന് താഴെയുള്ള **Transfer Requests** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.



Initiate Transfer Request ന്റെ പേജ് ഓപ്പണാകുന്നതാണ്. അതിൽ Facility Name എന്ന കോളത്തിലെ ഡ്രോപ്പ്ഡൗൺ മെനുവിൽ നിന്നും ട്രാൻസ്ഫർ ചെയ്യേണ്ടുന്ന ഫെസിലിറ്റി സെലക്റ്റ് ചെയ്യുക.



ഫെസിലിറ്റിയുടെ പേര് സെലക്ട് ചെയ്തശേഷം, വലതുവശത്തുള്ള Healthcare Professional ID എന്ന കോളത്തിൽ, പുതുതായി ചാർജെടുക്കുന്ന മെഡിക്കൽ ഓഫീസറുടെ HPR ID നൽകുക.



അതിനുശേഷം, താഴെയുള്ള **Initiate Request** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ, ട്രാൻസ്ഫറായ മെഡിക്കൽ ഓഫീസറുടെ ലോഗിനിൽ നിന്നും, ഫെസിലിറ്റി ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാവുന്നതാണ്.



ഇപ്രകാരം initiate ചെയ്ത ട്രാൻസ്ഫർ റിക്വസ്റ്റ്, താഴെയുള്ള Existing Transfer Requests എന്ന ഭാഗത്ത് കാണാവുന്നതാണ്.


Existing Transfer Requests

Facility ID / Tracking ID	Facility Name	Requested To	Request Status	Action
IN3210001016	GOVT AYURVEDA DISPENSARY MUTTAR	71-8282-5081-1864	Initiated	Cancel Request

APPROVING TRANSFER REQUEST BY NEW OFFICER:

ട്രാൻസ്ഫറായി പോകുന്ന മെഡിക്കൽ ഓഫീസർ initiate ചെയ്ത ട്രാൻസ്ഫർ റിക്വസ്റ്റ്, പുതുതായി ചാർജെടുത്ത മെഡിക്കൽ ഓഫീസർ അപ്രൂവ് ചെയ്യുന്നതോടെ, ഫെസിലിറ്റി ട്രാൻസ്ഫർ പൂർത്തിയാകുന്നതാണ്. ഇപ്രകാരം അപ്രൂവ് ചെയ്യുന്നതിനായി പുതുതായി ചാർജെടുത്ത മെഡിക്കൽ ഓഫീസറുടെ ലോഗിൻ ക്രെഡൻഷ്യൽസ് ഉപയോഗിച്ച്, HFR ൽ ലോഗിൻ ചെയ്യുക.

ഹോംപേജിൽ തന്നെ നോട്ടിഫിക്കേഷനായി ട്രാൻസ്ഫർ റിക്വസ്റ്റ് വന്നുകിടപ്പുണ്ടാവും.



നോട്ടിഫിക്കേഷൻ വിൻഡോ ക്ലോസ് ചെയ്തശേഷം, മുകളിൽ വലതുവശത്തുള്ള Transfer Requests എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് ഓപ്പണാക്കുക. അതിൽ Pending Transfer Request List എന്ന വരിയിൽ ട്രാൻസ്ഫർ റിക്വസ്റ്റ് വന്നുകിടപ്പുണ്ടാവും.



Pending Transfer Request List

eject the below declarations from facility managers who have requested you to become the facility manager of the respective facility.

Facility ID / Tracking ID	Facility Name	Requested By	Request Status	Action
41068	GOVERNMENT AYURVEDA DISPENSARY CHADAYAMANGALAM	Nikita	Initiated	Approve Reject

അത് അപ്രൂവ് ചെയ്യുന്നതോടെ ഫെസിലിറ്റി ട്രാൻസ്ഫർ പൂർത്തിയാവുന്നതാണ്.